ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.01.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഭഗവാൻ -ശ്രീ ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will inaugurate a Grand International Exposition of Sacred Piprahwa Relics related to Lord Buddha in New Delhi today.**

2. പ്രഗതി സംരംഭം, രാജ്യത്തെ ക്ഷേമ പ്രവർത്തനങ്ങളുടെയും വൻകിട പദ്ധതികളുടെയും നടത്തിപ്പിന് വേഗം കൂട്ടിയതായി കാബിനറ്റ് സെക്രട്ടറി ടി വി സോമനാഥൻ.

   **Cabinet Secretary TV Somanathan says PRAGATI has accelerated implementation of mega projects and key welfare schemes across the country.**

3. ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് കീഴിൽ 41,863 കോടി രൂപ നിക്ഷേപം

പ്രതീക്ഷിക്കുന്ന 22 പുതിയ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി.

**Centre approves 22 new projects under Electronics Components Manufacturing Scheme, with an expected investment of Rs 41,863 crore.**

4. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷൻമാരുമായി മന്ത്രി എം ബി രാജേഷ് ഇന്ന് തൃശ്ശൂരിലെ കിലയിൽ കൂടിക്കാഴ്ച നടത്തും.

**Minister for Local Self Governments of Kerala M. B. Rajesh to Meet Gram Panchayat Presidents at KILA, Thrissur Today**

5. വിലക്കയറ്റത്തിനെതിരെ ഇറാനിലാരംഭിച്ച പ്രക്ഷോഭം വ്യാപിക്കുന്നു; പ്രതിഷേധക്കാർക്ക് പിന്തുണയുമായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

**Anti-Inflation Protests Gain Momentum Across Iran; US President Donald Trump warns Iran against violent crackdown on protesters**

6. ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ അമീറ അർഷാദിനും പുരുഷന്മാരുടെ ട്രാപ്പിൽ സുഹൈർ ഖാനും സ്വർണ്ണം.

**In National Shooting Championship, Ameerah Arshad wins women's 10 meter Air Rifle gold while Zuhair Khan clinches men's trap gold.**

❁❁❁❁❁❁❁❁❁❁❁❁❁

**PM - PIPRAHWA**

ഭഗവാൻ ശ്രീ ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാ വസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്. 1898-ലാണ് പിപ്രാഹ്വ തിരുശേഷിപ്പുകൾ കണ്ടെത്തിയത്. ഭഗവാൻ ബുദ്ധന്റെ ദർശനങ്ങളുമായി ഇന്ത്യയ്ക്കുള്ള ആഴമേറിയ ബന്ധം വിളിച്ചോതുന്ന പ്രദർശനം സമ്പന്നമായ ആത്മീയപൈതൃകം സംരക്ഷിക്കാനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**CABINET SECY-PRAGATI(INTRO)**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ആരംഭിച്ച Pro-Active Governance and Timely Implementation - പ്രഗതി സംരംഭം, രാജ്യത്തെ ക്ഷേമ പ്രവർത്തനങ്ങളുടെയും വൻകിട പദ്ധതികളുടെയും നടത്തിപ്പിന് വേഗം കൂട്ടിയതായി കാബിനറ്റ് സെക്രട്ടറി ടി വി സോമനാഥൻ പറഞ്ഞു. പദ്ധതിയ്ക്ക് കീഴിൽ ഇതുവരെ അൻപതോളം യോഗങ്ങൾ ചേർന്നതായും , 85 ലക്ഷം കോടി രൂപ മൂല്യമുള്ള 3300 ലധികം പദ്ധതികൾ വിലയിരുത്തുകയും ചെയ്തിട്ടുള്ളതായി അദ്ദേഹം ന്യുഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 2015 ൽ പദ്ധതി ആരംഭിച്ചതിന് ശേഷം കൊറോണ, ബാങ്കിങ് ഇൻഷുറൻസ്, ജൻ ധൻ യോജന തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പരാതികൾ അവലോകനം ചെയ്യതായും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

## CENTRE - ELECTRONICS

ഇലക്ട്രോണിക്സ് ഘടക നിർമ്മാണ പദ്ധതിയുടെ മൂന്നാം ഘട്ടത്തിന് കീഴിൽ 22 പുതിയ നിർദ്ദേശങ്ങൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി. ഇതിലൂടെ 41,863 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. മൊബൈൽ ഫോൺ നിർമ്മാണം, ടെലികോം, കൺസ്യൂമർ ഇലക്ട്രോണിക്സ് എന്നിങ്ങനെ 11 വിഭാഗങ്ങളിലായുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഏകദേശം 2,58,000 കോടി രൂപയുടെ ഉൽപ്പാദനവും 34,000 ത്തോളം നേരിട്ടുള്ള

തൊഴിലവസരങ്ങളും ഇതിലൂടെ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## TEXTILE – PLI SCHEME

ടെക്സ്റ്റൈൽസ് മേഖലയിൽ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതി പ്രകാരം പുതിയ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ വർഷം മാർച്ച് 31 വരെ നീട്ടിയതായി കേന്ദ്രസർക്കാർ. കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ഇതുവരെ അപേക്ഷാപോർട്ടലിൽ ലഭിച്ച മികച്ച പ്രതികരണത്തെ തുടർന്നാണ് തീരുമാനമെന്ന് ടെക്സ്റ്റൈൽസ് മന്ത്രാലയം അറിയിച്ചു. രാജ്യത്തെ ടെക്സ്റ്റൈൽസ് മേഖലയിൽ നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിക്കുന്നതിന്റെ തെളിവാണിതെന്നും യോഗ്യരായ അപേക്ഷകർക്ക് കൂടുതൽ സമയം അനുവദിച്ച് വിശാലമായ പങ്കാളിത്തം സാധ്യമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രാലയം വ്യക്തമാക്കി.

## VP – CHENNAI

വിവിധ ഭാഷകളും സാംസ്കാരിക പാരമ്പര്യങ്ങളും ഒരുമിച്ച് മുന്നേറുന്ന, സമഗ്ര പുരോഗതിയാണ് ഇന്ത്യക്ക് വേണ്ടതെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ചെന്നൈയിൽ നടന്ന മൂന്നാമത് രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ

സാംസ്കാരികവും ഭാഷാപരവും ബൗദ്ധികവുമായ പൈതൃകത്തെ ദേശീയ ചർച്ചകളുടെ കേന്ദ്രസ്ഥാനത്ത് എത്തിക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തെ അദ്ദേഹം അഭിനന്ദിച്ചു. സാഹിത്യം എല്ലായ്പ്പോഴും സമൂഹത്തിന്റെ കണ്ണാടിയായും സാംസ്കാരിക മൂല്യങ്ങളുടെ വഴികാട്ടിയായും പ്രവർത്തിച്ചിട്ടുണ്ടെന്നും, ദ്രുതഗതിയിലുള്ള സാമ്പത്തിക, സാങ്കേതിക, സാമൂഹിക പരിവർത്തനങ്ങളുടെ ഈ കാലഘട്ടത്തിൽ, എഴുത്തുകാരുടേയും ബുദ്ധിജീവികളുടേയും ഉത്തരവാദിത്തം കൂടുതൽ പ്രാധാന്യം നേടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH SINGH (INTRO)**

ചരിത്രവും സാംസ്കാരിക പാരമ്പര്യങ്ങളും അംഗീകരിക്കുന്നതിലൂടെയാണ് ആധുനിക ഇന്ത്യ ശക്തിയാർജ്ജിക്കുന്നതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഉന്നത വിദ്യാഭ്യാസം നേടിയവരും ഉയർന്ന തൊഴിൽമേഖലകളിൽ പ്രവർത്തിക്കുന്നവരും രാജ്യത്തിനും സമൂഹത്തിനും എതിരായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് അങ്ങേയറ്റം ആശങ്കാജനകമാണെന്ന് അദ്ദേഹം പറഞ്ഞു. ഉദയ്പൂരിലെ ഒരു കോളേജിന്റെ സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. രാജ്യത്തോടുള്ള പ്രതിബദ്ധതയും മാനുഷിക മൂല്യങ്ങളുമില്ലാത്ത ഒരാൾക്ക് ഉന്നത വിദ്യാഭ്യാസം കൊണ്ട് പ്രയോജനം ലഭിക്കില്ലെന്നും ശ്രീ രാജ്നാഥ് സിംഗ്

വ്യക്തമാക്കി.
(ഹോൾഡ്)

KOLKATA FIR

പശ്ചിമ ബംഗാളിൽ വോട്ടർ പട്ടികയിൽ വ്യാജ പേരുകൾ ചേർത്തതിനെ തുടർന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകി. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിനിടെ വോട്ടർപട്ടികയിൽ വ്യാജ പേരുകൾ ചേർത്തതിന് അഞ്ച് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാനും എഫ് ഐ ആർ രജിസ്റ്റർ ചെയ്യാനും തിരഞ്ഞെടുപ്പ് കമ്മീഷൻ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ എഫ് ഐ ആർ രജിസ്റ്റർ ചെയ്യാത്തതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ നടപടി കൈക്കൊള്ളുകയായിരുന്നു.

NCB- SAUDI ARABIA

സൗദി അറേബ്യയിലേക്ക് യാത്ര ചെയ്യുന്ന ഇന്ത്യക്കാർ മരുന്നുകൾ കൈവശം കൊണ്ടുപോകുന്നതിനായി ആവശ്യമായ എല്ലാ അനുമതികളും മുൻകൂർ നേടിയിരിക്കണമെന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ നിർദേശിച്ചു. രാജ്യത്തേയ്ക്ക് പ്രവേശിക്കുകയോ രാജ്യത്ത് നിന്ന് പുറപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ വ്യക്തിഗത ഉപയോഗത്തിനായുള്ള മരുന്നുകൾക്ക് അനുമതി

നൽകുന്നതിനായി സൗദി അറേബ്യ പുതിയ ഇലക്ട്രോണിക് സേവന പ്ലാറ്റ്ഫോം അവതരിപ്പിച്ച പശ്ചാത്തലത്തിലാണ് നിർദേശം.

❁❁❁❁❁❁❁❁❁❁❁❁❁

## IRAN (INTRO)

കുതിച്ചുയരുന്ന പണപ്പെരുപ്പത്തിനും വിലക്കയറ്റത്തിനുമെതിരെ ഇറാനിലാരംഭിച്ച പ്രക്ഷോഭം വ്യാപിക്കുന്നു. അതിനിടെ, പ്രതിഷേധിക്കുന്നവർക്കെതിരെ ഇറാൻ സൈന്യം വെടിയുതിർത്താൽ അവർക്ക് പിന്തുണ നൽകുമെന്ന് വ്യക്തമാക്കി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രംഗത്തെത്തി.

***വിശദാംശങ്ങളിലേക്ക്......***
***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## IRAN (VOICE)

പ്രക്ഷോഭമാരംഭിച്ച ശേഷം ഇറാനിൽ ഒട്ടേറെ പേർ കൊല്ലപ്പെട്ടതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആരോപിച്ചു. ട്രംപിന്റെ പരാമർശങ്ങൾക്ക് ശക്തമായ മറുപടിയുമായി മുതിർന്ന ഇറാനിയൻ ഉദ്യോഗസ്ഥൻ അലി ലാരിജാനി രംഗത്തെത്തി. ഇറാന്റെ ആഭ്യന്തര വിഷയങ്ങളിൽ യുഎസ് ഇടപെടുന്നത് മേഖലയിൽ അസ്ഥിരതയ്ക്ക് കാരണമാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.പടിഞ്ഞാറൻ പ്രവിശ്യകളായ ലോറെസ്ഥാൻ,

ചാഹർമഹൽ, ബക്തിയാരി എന്നിവിടങ്ങളിൽ പ്രതിഷേധക്കാരും സുരക്ഷാ സേനയും തമ്മിൽ ശക്തമായ ഏറ്റുമുട്ടലുകൾ നടക്കുന്നതായി റിപ്പോർട്ടുണ്ട്. ഇറാൻ കറൻസിയായ റിയാലിൻറെ മൂല്യം കുത്തനെ ഇടിഞ്ഞതോടെ വിലക്കയറ്റവും ജീവിതച്ചെലവും രൂക്ഷമായിട്ടുണ്ട്. ഇതിനെതിരേ ടെഹ്റാനിലെ കടയുടമകൾ തെരുവിലിറങ്ങിയതോടെയാണ് പ്രതിഷേധം ആരംഭിച്ചത്.

ന്യൂസ് ഡസ്ക് ആകാശവാണി....

❋❋❋❋❋❋❋❋❋❋❋❋❋

**VAISHNAW-MODULAR NUCLEAR REACTORS**

ഡാറ്റാ സെൻ്ററുകളുടെ വർധിച്ചുവരുന്ന ഊർജാവശ്യങ്ങൾ നിറവേറ്റുന്നതിന് ചെറുകിട മോഡുലാർ ആണവ റിയാക്ടറുകൾ ഫലപ്രദവും പ്രായോഗികവുമായ പരിഹാരമാണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മേഖലയിലെ നൂതനാശയങ്ങൾ വെറും 14 ഏക്കർ സ്ഥലത്ത് ആണവ നിലയങ്ങൾ സ്ഥാപിക്കാൻ വഴിയൊരുക്കുമെന്ന് മന്ത്രി വ്യക്തമാക്കി. ഇതിലൂടെ ഡാറ്റാ സെൻ്ററുകൾക്കുപുറമേ റെയിൽ ആവശ്യങ്ങൾക്കും ആണവ ഊർജം ഉപയോഗിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

❋❋❋❋❋❋❋❋❋❋❋❋❋

**M B RAJESH**

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷൻമാരുമായി മന്ത്രി എം ബി രാജേഷ് ഇന്ന് കൂടിക്കാഴ്ച നടത്തും. തൃശ്ശൂർ കില ആസ്ഥാനത്ത് രാവിലെയും വൈകിട്ടും രണ്ട് സെഷനുകളായാണ് പരിപാടി നടക്കുന്നത്. നേതൃപരമായ കഴിവുകൾ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പങ്കിനെ കുറിച്ചും യോഗത്തിൽ ചർച്ചകൾ നടക്കും.

## SABARIMALA

മകരവിളക്ക് മഹോത്സവത്തിനു രണ്ടാഴ്ച ബാക്കിനിൽക്കേ ശബരിമലയിൽ ഭക്തജനത്തിരക്ക്. തിരക്ക് നിയന്ത്രണത്തിൻ്റെ ഭാഗമായി ദർശനം, അഭിഷേകം എന്നിവയ്ക്ക് ശേഷം സന്നിധാനത്തുനിന്ന് തീർഥാടകർ മടങ്ങണമെന്ന് ദേവസ്വംബോർഡ് അറിയിപ്പ് നൽകി. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡിസംബർ 30ന് ശബരിമല നട തുറന്നതിനു ശേഷം ഇന്നലെ വരെയുള്ള കണക്ക്പ്രകാരം 2,92,555 അയ്യപ്പഭക്തർ സന്നിധാനത്ത് ദർശനം നടത്തി. അമ്പലപ്പുഴ, ആലങ്ങാട് സംഘത്തിൻ്റെ എരുമേലി പേട്ടതുള്ളൽ ഈ മാസം 11 ന് നടക്കും.

## SHOOTING

ഭോപ്പാലിൽ നടന്ന 68-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് 10 മീറ്റർ എയർ റൈഫിൾ വനിതാ ഫൈനലിൽ

ഹരിയാനയുടെ അമീറ അർഷാദിന് സ്വർണ്ണം. റെയിൽവേസിന്റെ രാജശ്രീ അനിൽകുമാർ സഞ്ചേതിയെ പരാജയപ്പെടുത്തിയാണ് സ്വർണനേട്ടം. പുരുഷവിഭാഗം ട്രാപ് ഷൂട്ടിംഗിൽ ഉത്തർപ്രദേശിന്റെ സുഹൈർ ഖാൻ സ്വർണമെഡൽ സ്വന്തമാക്കി. പുരുഷ ട്രാപ്പ് ടീം കിരീടവും ഉത്തർപ്രദേശ് നേടി.